**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 119** **01-02-2023 - ൽ മറുപടിയ്ക്ക്**

**ശ്രീ. മാഹീൻ എസ്.എച്ച്. സമർപ്പിച്ച പരാതിയിന്മേൽ സ്വീകരിച്ച നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മാഹീൻ എസ്. എച്ച്. സമർപ്പിച്ച പരാതി പ്രകാരം ആഭ്യന്തര(എം) വകുപ്പിന്റെ എം1/678/2019/ ആഭ്യന്തരം നമ്പർ ഫയലിന്മേൽ സംസ്ഥാന പോലീസ് ആസ്ഥാനത്ത് ആരംഭിച്ച K1/107069/2020/PHQ നമ്പർ ഫയലിന്റെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടോ; | (എ) | ശ്രീ.മാഹീൻ എസ്.എച്ച് എന്നയാൾ സാമ്പത്തിക വിഷയവുമായി ബന്ധപ്പെട്ട് സർക്കാരിൽ സമർപ്പിച്ച പരാതി സംസ്ഥാന പോലീസ് മേധാവിയ്ക്ക് നൽകിയിരുന്നു. പ്രസ്തുത പരാതിയിന്മേൽ പോലീസ് ആസ്ഥാനത്ത് നിന്നും 12/10/2021ലെ കെ1/166302/2019/പി.എച്ച്.ക്യൂ നമ്പർ റിപ്പോർട്ടും 01/11/2022ലെ കെ1/107069/2020/പി.എച്ച്.ക്യൂ നമ്പർ അന്വേഷണ റിപ്പോർട്ടും ലഭ്യമായിട്ടുണ്ട്.<br><br>എതിർകക്ഷി പണം നൽകുന്നില്ല എന്ന വിഷയം സംബന്ധിച്ച കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ പ്രസ്തുത വിഷയത്തിൽ ബഹു. കോടതി വഴി പരിഹാരം കാണുവാൻ ശ്രീ. മാഹീനോട് നിർദ്ദേശിച്ചിട്ടുള്ളതായും സമൻസുകൾ കൃത്യസമയത്ത് നൽകുന്നില്ല എന്ന പരാതിയിൽ ശ്രീ. മാഹീന് തിരുവനന്തപുരം സിറ്റി ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് പോലീസ് അസിസ്റ്റന്റ് കമ്മീഷണർ മറുപടി നൽകിയതായും റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.<br><br>ശ്രീ. മാഹീന്റെ പരാതിയിന്മേൽ കൂടുതൽ അന്വേഷണം നടത്തി നടപടി സ്വീകരിക്കുവാൻ പാലോട് പോലീസ് ഇൻസ്പെക്ടർക്ക് നിർദേശം നൽകിയിട്ടുണ്ടെന്നും അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്നും സർക്കാരിൽ ലഭ്യമായ 01/11/2022ലെ കെ1/107069/2020/പി.എച്ച്.ക്യൂ നമ്പർ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ വിശദാംശം എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (ബി) | (എ) യിൽ ചേർത്തിട്ടുണ്ട്. |
| (സി) | പ്രസ്തുത പരാതി നിലവിൽ ഏത് അന്വേഷണ ഉദ്യോഗസ്ഥന്റെ മുമ്പാകെയാണുള്ളതെന്ന് അറിയിക്കാമോ; | (സി) | പാലോട് പോലീസ് ഇൻസ്പെക്ടർ പരാതിയിന്മേൽ അന്വേഷണം നടത്തി വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത പരാതി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാമോ; പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശം എന്തെല്ലാമെന്നറിയിക്കുമോ ? | (ഡി) | പരാതിയിൽ അന്വേഷണം നടത്തി അന്തിമ റിപ്പോർട്ട് ലഭ്യമാക്കുവാൻ സംസ്ഥാന പോലീസ് മേധാവിയോട് നിർദ്ദേശിച്ചിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ